"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് - ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച തദ്ദേശ സ്വയംഭരണ വകുപ്പിലെ ജോയിന്റ് ഡയറക്ടർ (റിട്ട.) ശ്രീ.ലാസർ.എ.യുടെ കരാർ കാലാവധി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.457/2025/LSGD തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.169/2024/എൽ.എസ്.ജി.ഡി തീയതി 20.01.2024

2. കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാന്റെ 17.01.2025-ലെ 2/2024/KITKB/CEO/ESTA നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരളാ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം-2021 ന്റെ വകുപ്പ് 13 പ്രകാരം സർക്കാരിന്, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രീതിയിൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ജോയിന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ അല്ലെങ്കിൽ സമാന തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായി നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ക്ഷേമനിധി ചട്ടങ്ങൾ വിജ്ഞാപനം ചെയ്യപ്പെടാത്ത സാഹചര്യത്തിൽ, സേവന വേതന വ്യവസ്ഥകൾ പിന്നീട് തീരുമാനിക്കുന്നതാണെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ചതും നേരത്തെ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്നയാളുമായ ശ്രീ.ലാസർ.എ.യെ, ചട്ടങ്ങൾ നിലവിൽ വന്ന ശേഷം പുതിയ ആളെ നിയമിക്കുന്നത് വരെയോ, അല്ലെങ്കിൽ ഒരു വർഷത്തേയ്ക്കോ ഏതാണോ ആദ്യം അതുവരെ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി പരാമർശം (1) ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ടിയാൻ 27.01.2024 മുതൽ സേവനത്തിൽ പ്രവേശിച്ച് ജോലിയിൽ തുടർന്ന് വരുന്നു.

2. ബോർഡിന്റെ ചട്ടം വിജ്ഞാപനം ചെയ്യപ്പെട്ട് പുതിയ ആളെ നിയമിക്കപ്പെടാത്ത സാഹചര്യത്തിൽ 2025 ജനുവരി 26-ന് കരാർ കാലാവധി അവസാനിക്കുന്ന ശ്രീ.ലാസർ.എ.യുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കണമെന്ന് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കേരളാ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ചട്ടങ്ങൾ നിലവിൽ വന്ന ശേഷം പുതിയ ആളെ നിയമിക്കുന്നത് വരെ

അല്ലെങ്കിൽ ഒരു വർഷത്തേയ്ക്ക്, ഏതാണോ കുറഞ്ഞ കാലയളവ് അതുവരെ ശ്രീ.ലാസർ എ.യുടെ കരാർ കാലാവധി, 2025 ജനുവരി 27 മുതൽ ദീർഘിപ്പിക്കുന്നതിനു ബോർഡ് ചെയർമാന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

ചെയർമാൻ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
ശ്രീ.ലാസർ.എ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 13-02-2025 15:16:31
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്